# 5 പ്രപഞ്ചമിന്നൊരു തറവാടായി വരമ്പുകൾ കാണാതായി...



## പുഷ്പകാലം

ഉദ്യാനപാലകരേ! ഭവാന്മാരുണർ-
ന്നുദ്യമിപ്പിൻ പുഷ്പകാലമായി.

ഉച്ചാവചങ്ങളാമോമൽസുമങ്ങളാൽ
മെച്ചമേറീടുമീയാരാമത്തിൽ

ദേവൻ വനമാലിക്കാനന്ദമേകാത്ത
പൂവൊന്നുമില്ലെന്നതോർത്തുകൊൾവിൻ.

എല്ലാ സുമവുമവന്റെയിച്ഛയ്ക്കൊത്തു
മെല്ലെ വളർന്നു തൻ പൂർണതയിൽ

ചെല്ലാനുഴറുകയാണഗ്ഗതിയാരും
തല്ലിനിർത്താതെ സൂക്ഷിച്ചുകൊൾവിൻ.

ഭവ്യമാം തെന്നലും ഭാനുമരീചിയും
ദിവ്യമാം തൂമഴനീരും നിത്യം

നവ്യരസമാർന്നു നൽകുന്നല്ലോയിവയ്-
ക്കവ്യത്യയം ദേവനൊന്നുപോലെ.

**ദുരവസ്ഥ - കുമാരനാശാൻ**

- പൂവുകളെക്കുറിച്ച് കവിക്കുള്ള കാഴ്ചപ്പാടു തന്നെയാണോ നമുക്കു മുള്ളത്?

## ഉള്ളൂർ



സന്ധ്യയ്ക്കു മാനത്തു മലർന്ന താര-
ത്താരത്രയും കണ്ടു ചെടിച്ച കണ്ണേ!
കുനിഞ്ഞിടാമൊന്നിനി; നിന്റെ നോട്ടം
കുപ്പക്കുഴിക്കുള്ളിലുമെത്തിടട്ടെ.

പറമ്പിലങ്ങിങ്ങു പകച്ചൊതുങ്ങി-
പ്പാവങ്ങളാം തുമ്പകളൊട്ടനേകം
തുലോമവറ്റിൻ പുകളിന്നു വിത്താം
തൂവെൺമലർത്തെല്ലുമണഞ്ഞുനിൽപ്പൂ.

ജാതിച്ചുവട്ടിൽജ്ജലസേകമേകും
ജനങ്ങളിപ്പൂച്ചെടി കൈയനക്കി
വളർത്തിടുന്നില്ലതുപോട്ടെ; ദൂരെ
വലിച്ചുമാറ്റുന്നതുമുണ്ടു! കഷ്ടം!

ഉയർത്തി വെള്ളക്കൊടി കാട്ടുവോനെ-
യുന്മൂലനം ചെയ്യുമുദഗ്രപാണി
പരാക്രമം വായ്ക്കുമരിക്കൊതുങ്ങി-
പ്പാവങ്ങളെത്തച്ചു തരിപ്പു തീർപ്പൂ!

*

ഘ്രാണേന്ദ്രിയാരാമർ മനുഷ്യർ നിന്റെ
സത്വസ്ഥസമ്പത്തറിയാതെ പൂവേ!
ഹാ, നീ വെറും പ്രാകൃതഭൂമിയാൾത-
ന്നപത്യമെന്നോർത്തധരീകരിപ്പൂ.

ഉണ്ടോ ഗുണം? കൊൾവിനതൊന്നുമാത്ര-
മുൽപത്തിയും വംശവുമാരുകണ്ടു?
ആഢ്യൻ മുതൽക്കന്ത്യജനോളമാർക്കും
പെറ്റമ്മ ഭൂദേവി; പിതാവു ദൈവം.

ചേറിൽക്കുരുക്കുന്നു സിതാംബുജങ്ങൾ;
കാറിൽപ്പിറക്കുന്നു പയഃകണങ്ങൾ;
മങ്ങിക്കിടക്കുന്നൊരു പൃഷ്ഠഭൂമി
മഹാർഹചിത്രം വരവാൻ മനോജ്ഞം.

*

ആരുച്ചർ? ആർ നീചർ? അനാര്യമാമീ-
യസ്മൽഗൃഹച്ഛിദ്രമദൃഷ്ടപൂർവം
അശേഷലോകത്തിനുമാനനത്തെ-
യപത്രപാനമ്രിതമാക്കിടുന്നു.

**തരംഗിണി**

- “സന്ധ്യയ്ക്കു മാനത്തു മലർന്ന താര-
  ത്താരത്രയും കണ്ടു ചെടിച്ച കണ്ണേ!
  കുനിഞ്ഞിടാമൊന്നിനി നിന്റെ നോട്ടം
  കുപ്പക്കുഴിക്കുള്ളിലുമെത്തിടട്ടെ”

  മാനം, കുപ്പ എന്നീ പദങ്ങൾ സൂചിതാർഥത്തിലാണല്ലോ കവി പ്രയോഗിച്ചിരിക്കുന്നത്. കവിതയിൽ നിന്ന് ഇത്തരത്തിലുള്ള കൂടുതൽ പദങ്ങൾ കണ്ടെത്തി അവയുടെ ആശയ തലം ചർച്ചചെയ്യൂ.

- “ജാതിച്ചുവട്ടിൽജ്ജലസേകമേകും
  ജനങ്ങളിപ്പൂച്ചെടി കൈയനക്കി
  വളർത്തിടുന്നില്ലതു പോട്ടെ; ദൂരെ
  വലിച്ചുമാറ്റുന്നതുമുണ്ടു! കഷ്ടം!”

  ‘ജാതിച്ചുവട്ടിൽ ജലസേകമേകുക’ എന്ന പ്രയോഗത്തിൽ എന്തെല്ലാം അർഥങ്ങളാണ് കണ്ടെത്താൻ കഴിയുന്നത്?

- ‘തുമ്പപ്പൂവ്’ എന്ന കവിതയിൽ സാമൂഹികപ്രാധാന്യമുള്ള വലിയൊരാശയമാണ് കവി മുന്നോട്ടുവയ്ക്കുന്നത്. താഴെ കൊടുത്തിരിക്കുന്ന സൂചനകൾകൂടി പരിഗണിച്ച് കവിതയ്ക്ക് ഒരാസ്വാദനം തയാറാക്കുക.

  - ജാതിച്ചുവട്ടിൽ ജലസേകമേകുക
  - ദൂരെ വലിച്ചുമാറ്റുക
  - ഘ്രാണേന്ദ്രിയാരാമർ മനുഷ്യർ

പാവംതുമ്പയെ വാരിയെടുത്തഥ
ദേവൻ ചേർത്തു മൂർധാവിൽ
പുളകം കൊള്ളുക തുമ്പപ്പൂവേ
പൂക്കളിൽ നീയേ ഭാഗ്യവതി

-വൈലോപ്പിള്ളി

തുമ്പപ്പൂക്കൾക്ക് മഹത്ത്വം ലഭിക്കണമെങ്കിൽ ഓണം വരണം. അങ്ങനെയൊരു ഓണം വന്നുവോ?

## ബാലാമണിയമ്മ

ഓണനാളൂണിനിങ്ങെത്താമെന്നേറ്റിട്ടു-
മോമനത്തോഴൻ വരാഞ്ഞതെന്തേ?

പൊന്നുടുപ്പൂരിയിട്ടാദിത്യനീ വീട്ടിൻ
പിന്നിലെത്തോപ്പിലേയ്ക്കോടിയല്ലോ.

പാണർകളിയുടെ പാട്ടും തുടികൊട്ടും
പാടത്തിന്നക്കരെ കേൾക്കായല്ലോ.

ചെമ്പിൽത്താൻ വയ്ക്കിലും കാലത്തേ വേവിച്ചോ-
രമ്പിളിപ്പൂവടയാറിയല്ലോ!

തേച്ചു തുടച്ചിട്ട കോലായിൽപ്പിന്നെയും
കാൽച്ചളിപ്പാടുകൾ വന്നു പെട്ടു;

വാടിക്കുഴഞ്ഞൂ ഞാനോണപ്പെരുമാളെ-
ച്ചൂടിച്ച താമരപ്പൂംകിരീടം.

ചൂഴേയണിഞ്ഞോരരിച്ചാന്തിൻ മണ്ഡലം
കോഴികൾ താറുമാറാക്കിവിട്ടു.

എണ്ണവിളക്കു പുകയുന്നു ഞങ്ങൾക്കാ-
യുണ്ണാനിലയിട്ട മുൻതളത്തിൽ.

അമ്മയെപ്പിൻനിന്നലട്ടി ഞാൻ വെപ്പിച്ചോ-
രഞ്ചാറുകൂട്ടം കറിക്കരികിൽ,

ഒറ്റയ്ക്കിരുന്നുണ്ണാ; -മമ്മയാപ്പാവത്തെ-
ക്കുറ്റപ്പെടുത്തുമെന്നാണു ഖേദം.

കൂട്ടുകാരന്നെന്തോ പറ്റിയെന്നാം; അല്ല
വീട്ടുകാർ വിട്ടയച്ചീലയെന്നാം-



പാരമറിവുള്ളോർ, നല്ല വാക്കോതുന്നോർ
ക്രൂരത കാട്ടുമോ കുട്ടികളിൽ?

ചെന്നു വിളിക്കെ ഞാൻ, എന്തിനോ തോഴന്റെ
ചേച്ചിക്കു ചെഞ്ചുണ്ടു ചെറ്റു കോടി?

എന്തുകൊണ്ടച്ഛന്നു നെറ്റിചുളിഞ്ഞുപോ-
യെന്തിനേ മെല്ലെച്ചിരിച്ചതമ്മ?

മേൽക്കുമേൽ വാടും മുഖവുമായ് ദൂരേയ്ക്കു
നോക്കിയുമോർത്തോർത്തുഴന്നും നിൽക്കെ,

പുത്രന്റെ കൺതുടച്ചമ്മ നിമന്ത്രിച്ചാ,-
ളത്രനാളൻപാൽ മറച്ച സത്യം:

"പാഠാലയത്തിലേ പ്രാമാണ്യമുള്ളവർ
പാവങ്ങളോടൊത്തിണങ്ങലുള്ളൂ,

പഞ്ചാമൃതക്കൂട്ടും ഞാവൽപ്പഴങ്ങളും
പങ്കിട്ടെടുത്തു കഴിക്കലുള്ളൂ"

നാളേയ്ക്കു പൂനുള്ളുമുണ്ണികൾ ഘോഷിച്ചു:
'മാലോകരെല്ലാരുമൊന്നുപോലെ'



**നിവേദ്യം**

- താൻ വിശ്വസിച്ചതിൽ നിന്നു വ്യത്യസ്തമായ എന്തു സത്യമാണ് കുട്ടി മനസ്സിലാക്കിയത്? കവിതയിൽ നിന്നുള്ള സൂചനകൾ കണ്ടെത്തുക.
- പൊന്നുടുപ്പൂരിയിട്ടാദിത്യനീ വീട്ടിൻ-
  പിന്നിലെത്തോപ്പിലേക്കോടിയല്ലോ.

  ഈ വരികളിൽ നിന്നു മനസ്സിൽ പതിയുന്ന ചിത്രമെന്താണ്? പൊന്നുടുപ്പ് എന്ന വാക്ക് എന്തെല്ലാം സൂചനകളാണു നൽകുന്നത്?
- 'മാലോകരെല്ലാരുമൊന്നുപോലെ' എന്നു ഘോഷിക്കുന്ന ഉണ്ണികളെ 'നാളേയ്ക്കു പൂനുള്ളുന്നവർ' എന്നു വിശേഷിപ്പിച്ചതിലെ പൊരുൾ എന്താവാം?
- ഈ കവിതയിൽ സമയത്തെ കാണിക്കുന്ന സൂചനകൾ കണ്ടെത്തുക. കവിത കൂടുതൽ ഹൃദ്യമാക്കാൻ ആ സൂചനകൾ സഹായിക്കുന്നുണ്ടോ? ചർച്ചചെയ്യുക.
- 'തുമ്പപ്പൂവ്' എന്ന കവിതയിലെ ആശയതലം ഒരു ജീവിതസന്ദർഭത്തിലേക്കു പറിച്ചുനട്ടതാണ് 'സഹപാഠികൾ' - താരതമ്യംചെയ്യൂ.
- "പാഠാലയത്തിലേ പ്രാമാണ്യമുള്ളവർ
  പാവങ്ങളോടൊത്തിണങ്ങലുള്ളൂ,
  പഞ്ചാമൃതക്കൂട്ടും ഞാവൽപ്പഴങ്ങളും
  പങ്കിട്ടെടുത്തു കഴിക്കലുള്ളൂ"

  ഈ ആശയത്തെ വിമർശനാത്മകമായി വിലയിരുത്തൂ.

മാനുഷരെല്ലാരും ഒന്നുപോലെയാകുന്ന ആദർശലോകം മഹാത്മാക്കൾ വിഭാവനം ചെയ്യുന്നു. അത് സാക്ഷാത്കരിക്കാൻ ശ്രമിക്കുന്നവർ എത്ര?

**എൻ.പി. മുഹമ്മദ്**

നാലു ഭാഗത്തുനിന്നും ആളുകൾ ഒഴുകി വരികയായിരുന്നു. യോഗസ്ഥലം നിറഞ്ഞു കവിഞ്ഞു. അബ്ദുറഹ്മാന്റെ വാക്കുകൾ കേൾക്കാനെത്തിയവരാണ് അവർ. അവരെ കണ്ടപ്പോൾ അദ്ദേഹത്തിനും ആവേശം ഇരച്ചു കയറി. നീണ്ട പ്രസംഗം. രാഷ്ട്രീയത്തിനപരിചിതമായ വാക്കുകൾ, ചിന്തകൾ. അസാധാരണമായ അന്തരീക്ഷം അവിടെ തുടിച്ചു. വാക്കുകൾ പുഴപോലെ ഒഴുകി. കേൾവിക്കാർ ആ വാക്കുകളുടെ ആത്മാർഥതയുടെ പ്രവാഹത്തിൽ വലഞ്ഞുപോയി.

“നിങ്ങളോടു പലരും പലതും പറഞ്ഞ് തെറ്റിദ്ധരിപ്പിക്കാനുണ്ടാകും. അതൊന്നും നിങ്ങൾ കേൾക്കരുത്. ഞാൻ പറയുന്നതും നിങ്ങൾ കേൾക്കണമെന്നില്ല. അല്ലാഹുവിന്റെ വാക്കുകളായ ഖുർആനും നബിചര്യകളും മാത്രം നോക്കി നടക്കുക. അയൽവാസികളായ ഹിന്ദുക്കളോടു നിങ്ങൾ ഒരിക്കലും ശത്രുതയിൽ വർത്തിക്കരുത്.”



പ്രസംഗം അവസാനിച്ചപ്പോൾ രാത്രി ഒൻപതരമണി. സന്ധ്യാനമസ്കാരം കഴിഞ്ഞപ്പോൾ തുടങ്ങിയതാണ്. മണിക്കൂറുകൾ കടന്നുപോയത് കേട്ടിരുന്നവരാരും അറിഞ്ഞില്ല. വഴിവിളക്കുകൾ അണഞ്ഞുകിടന്നു. ഇരുട്ടിൽ മനുഷ്യരും മരങ്ങളും വീടുകളും കുന്നും ചെരിവും ഒന്നായി.

ചേന്ദമംഗല്ലൂരിലെത്തണം. അവിടെ പഴയ ചങ്ങാതി അത്താഴം തയാറാക്കി കാത്തിരിക്കുകയാവും. വാസ്തവത്തിൽ വിശപ്പില്ല. എങ്കിലും അധികാരിയുടെ നിർബന്ധമാണ്. എന്തെങ്കിലും കഴിക്കണം.

അബ്ദുറഹ്മാന്റെ മനസ്സിൽ മറ്റെന്തോ കുന്നുകൂടിയിരുന്നു. വേഗത്തിൽ അദ്ദേഹം നടക്കുന്നു. സാഹിബിനൊപ്പമെത്താൻ അനുയായികൾക്കായില്ല. എന്തോ ഉടൻ ചെയ്തുതീർക്കാനുണ്ടെന്ന മട്ടിലാണ് നടക്കുന്നത്. അപ്പോൾ അനുയായികളുടെ രക്ഷയ്ക്ക് ഒരാൾ എത്തി. വെള്ളത്താടി കാറ്റിൽ പറത്തുന്നു. ഒരു വൃദ്ധൻ. അയാളുടെ തലേക്കെട്ട് കാറ്റിൽ ചരിഞ്ഞു. അയാൾ സാഹിബിനു മുന്നിൽ വഴി മുടക്കിനിന്നു.

“അസ്സലാമു അലൈക്കും.”

“വ അലൈക്കുമുസ്സലാം.”

“സായ്ബ്ന് ന്നെ മനസ്സിലായോ?”

“ഇല്ല.”

“എങ്ങനെ മനസ്സിലാവാനാണ്. മ്മള് കണ്ടിട്ട് പത്തിരുപത്തഞ്ച് കൊല്ലമായില്ലേ?”

"നിങ്ങളാരാണ്?"

"മോനേ, നീ കറുത്തല്ലോ. അന്റെ കവിളൊട്ടിപ്പോയല്ലോ, മോനേ."

അയാൾ അബ്ദുറഹ്മാന്റെ ഇരു കൈകളും പിടിച്ചു തുരുതുരാ ചുംബിച്ചു. കണ്ണീരു തട്ടി സായ്‌വിന്റെ കൈകൾ നനഞ്ഞു. സ്നേഹത്തിന്റെ ഉപ്പുനീര് ശരീരസുഷിരങ്ങളിലൂടെ ഉള്ളിലേക്കു കിനിഞ്ഞപ്പോൾ അബ്ദുറഹ്മാൻ ആർദ്രനായി.

"ക്ഷമിക്കണം, എനിക്കു മനസ്സിലായില്ല."

"മോനേ, ബെല്ലാരിയിലെ ആക്കോട്ടുകാരൻ കുഞ്ഞാമ്മുവിനെ ഓർമയുണ്ടോ?"

ഓർമയിലൊരു പ്രകാശം പൊടുന്നനെ വിരിഞ്ഞു.

കുഞ്ഞാമ്മു മുസ്‌ല്യാർ! അബ്ദുറഹ്മാനെ ആ വൃദ്ധൻ കെട്ടിപ്പിടിച്ചു.

"എങ്ങനെ രക്ഷപ്പെട്ടു?"

"നറക്ക് കിട്ടി, യുദ്ധം കഴിഞ്ഞപ്പള്."

ലഹള നടത്തിയതിനു തൂക്കാൻ വിധിച്ച തടവുപുള്ളിയായിരുന്നു കുഞ്ഞാമ്മു മുസ്‌ല്യാർ. അബ്ദുറഹ്മാനെ ബെല്ലാരി ജയിലിൽ കൊണ്ടുവന്നപ്പോൾ അവർ കുറേ ദിവസം ഒരേ സെല്ലിലായിരുന്നു. ഒന്നിച്ചിരുന്നു ചകിരി തല്ലി നാരുകൾ വേർപെടുത്തുമ്പോൾ അവർ അവരുടെ ചങ്ങലകളഴിയുന്നത് സ്വപ്നം കണ്ടു.

തൂക്കിക്കൊല്ലാൻ വിധിച്ചതിൽ മുസ്‌ല്യാർക്ക് സന്തോഷമായിരുന്നു.

സന്തോഷമായിരുന്നു ജയിലിൽ മുസ്‌ല്യാരുടെ മുഖമുദ്ര. എങ്കിലും നിശ്ശബ്ദനായിരുന്നു. വേഗം തൂക്കിലേറ്റാത്തതിൽ അയാൾ പിറുപിറുത്തു. എല്ലാ രാത്രികളിലും സ്വർഗം കിനാവു കണ്ടു. പൂഞ്ചോലകൾ ഒഴുകുന്നു, ശബ്ദമില്ലാതെ. പുൽത്തകിടിയിൽ ചാഞ്ഞു കിടക്കുന്ന തുടുത്ത മുന്തിരിക്കുലകൾ. ആടിപ്പാടി വരുന്ന ചിറകുകളുള്ള മലക്കുകൾ. നീലക്കണ്ണുകളും ചുവന്ന ചുണ്ടുകളുമുള്ള ഹൂറികൾ. സ്വർഗത്തിലേക്കുള്ള യാത്ര പോലും വെള്ളക്കാർ മുടക്കുന്നു. അതു പോട്ടെ, അഞ്ചു നേരം നിസ്കരിക്കാൻ അനുവാദമില്ല. അല്ലാഹുവിനെ വണങ്ങുമ്പോൾ മുട്ടുമറയാത്ത ട്രൗസറാണ്. അത് എത്ര നീട്ടിയാലും മുട്ടോളമെത്തില്ല. മനസ്സ് കലങ്ങിയ മുസ്‌ല്യാർ നിസ്കരിക്കേണ്ട നേരത്ത് കണ്ണു ചിമ്മി. സർവശക്തനും പരമകാരുണികനും കരുണാനിധിയുമായ ദൈവത്തെ ഓർത്തു.

സായ്‌വിനെ ജയിലർക്കു കാര്യമായിരുന്നു. അവരുടെ ഭാഷ അദ്ദേഹത്തിന് അറിയാം. ആ തലയെടുപ്പും നടത്തവും സംസാരവും കൂസലേശാത്ത മുഖവും മുസ്‌ല്യാരെ അബ്ദുറഹ്മാനിലേക്കടുപ്പിച്ചു. ഒന്നിച്ചിരുന്ന് ചകിരി തല്ലുമ്പോഴാണ് മുസ്‌ല്യാർ നിസ്കാരപ്രശ്നം എടുത്തിട്ടത്. സാഹിബ് അതു പ്രശ്നമാക്കി.

കല്പന കിട്ടിയത് വൈകുന്നേരമാണ്. നീണ്ട നിരാഹാരനാളുകൾക്കൊടുവിൽ നമസ്കാരത്തിനുള്ള അനുവാദമായി.

മഗ്‌രിബ് നിസ്കാരത്തിനുള്ള സമയം. മുപ്പത്തിയേഴ് മുസ്‌ലിം തടവുകാരാണ് ബെല്ലാരിയിൽ. അവർ അംഗസ്നാനം ചെയ്തു. ഇമാമും ജമാഅത്തുമായി നിസ്കരിക്കാൻ തയാറെടുത്തു. സായ്‌വ് ഇമാം നിൽക്കണമെന്നായിരുന്നു അവരുടെ ആവശ്യം. പക്ഷേ, സാഹിബ് ഉത്തരവിട്ടു - നമ്മൾ ജയിൽ വിട്ടു പോകുന്നതുവരെ എല്ലാ നേരത്തും ഇമാമായി നിൽക്കുക കുഞ്ഞാമ്മു മുസ്‌ല്യാരായിരിക്കും. മുസ്‌ല്യാർക്ക് താൻ തൂക്കാൻ വിധിക്കപ്പെട്ട തടവുപുള്ളിയാണെന്നതുപോലും മറന്നുപോയി. ആദ്യമായി ഇമാം കൈ കെട്ടിയപ്പോൾ പിന്നിൽനിന്ന് മുപ്പത്തിയാറു പേരുടെ ശബ്ദം ഒന്നിച്ചുയർന്നു: "അല്ലാഹു അക്ബർ."

അങ്ങനെയുള്ള സായ്‌വിനെയാണിന്നു കാണുന്നത്. അബ്ദുറഹ്മാൻ കാഫറുകളുടെ കൂലിക്കാരനാണെന്നു മകൻ അത്തൻകുട്ടി പറഞ്ഞപ്പോൾ അയാൾ തൊണ്ട വിറപ്പിച്ചു കൊണ്ടു പറഞ്ഞു: "എടാ, എളമാൻ തുള്ളാതെ. ഞമ്മക്ക് സുവർക്കത്തിലേക്കുള്ള വഴി കാണിച്ചുതന്ന ഇമാമാണ് സായ്‌വ്. പോടാ. സായ്‌വിനെ ഉടുമ്പുപോലെ ഞമ്മക്കറിയാം. സായ്‌വ് ഇസ്‌ലാമല്ലെങ്കിൽ ആരാടാ ഈ ലോകത്ത് ഇസ്‌ലാം?"



“മുസ്ല്യാരേ വരൂ, നമുക്ക് കഞ്ഞികുടിക്കാം.”

“ഇങ്ങനെ ഒന്നിച്ചു കാണാൻ കയ്യുന്നത് ജയിലിന്ന് വിചാരിച്ചതല്ല.”

“വിചാരിച്ചതല്ലല്ലോ, നടക്കല്. എല്ലാം അവന്റെ കൈയിൽ.”

അവർ ഒന്നിച്ചു നടന്നു. അധികാരിയുടെ വീട്ടിൽ എല്ലാം തയാറായിരുന്നു. വെപ്പുപുര യിൽനിന്ന് പ്ലേറ്റുകളും പിഞ്ഞാണങ്ങളും കൊണ്ടുവന്നു. പത്തിരിയും ഇറച്ചിയും. സുപ്ര വിരിച്ചു. എല്ലാവരും സുപ്രയ്ക്കു ചുറ്റുമിരുന്നു. സാഹിബിന്റെ തൊട്ടടുത്ത് കുഞ്ഞാമ്മു മുസ്ല്യാർ. നേരം വൈകിയിരുന്നു. എല്ലാ വർക്കും തിടുക്കമായി.

തിടുക്കത്തിൽ തിടുക്കം* ഒടയത്തിലിനായി രുന്നു. കൂട്ടിലിട്ട പുലിയെപ്പോലെ അയാൾ വെപ്പുപുരയിൽ കറങ്ങിനടന്നു. അടുക്കളയിൽ ആർക്കും അയാളെ മനസ്സിലായില്ല. കണ്ടാൽ നല്ലൊരു യോഗ്യൻ.

“ആരാണിയാൾ?”

“അറിയില്ല.”

ഒടയത്തിൽ കേൾക്കുന്നുണ്ടായിരുന്നു. അകം പിടച്ചു. കേൾക്കുന്നില്ലെന്ന ഭാവത്തിൽ അയാൾ കഞ്ഞി വിളമ്പിയ കാസകൾ ഒരു ബെഞ്ചിൽ വരിവരിയായി ഒരുക്കിവച്ചു.

“മൂപ്പര് വന്ന മുതല് അടക്കളേലാ.”

“സായ്‌വിന്റെ കൂടെ വന്നതാന്നാ തോന്ന്ണേ.”

ഹാവൂ. അല്ലാഹു രക്ഷപ്പെടുത്തി.

വീട്ടിനകത്ത് പൊട്ടിച്ചിരിയും കിസ്സ പറയലും മുറുകി. കുഞ്ഞാമ്മു മുസ്ല്യാരുടെ കഥ സായ്‌വ് എല്ലാവർക്കും പറഞ്ഞുകൊടുത്തു.

അത്താഴം അവസാനിച്ചു. ഓരോരുത്തരായി കൈ കഴുകാൻ പുറത്തേക്കിറങ്ങി. വലി യൊരു വട്ടച്ചെമ്പിൽ വെള്ളം നിറച്ചുവച്ചി രുന്നു. അതിൽ തകരത്തിന്റെ കൈപ്പാട്ടകൾ. ഓരോരുത്തരും ഊഴം കാത്തുനിന്നു.

അപ്പോൾ ഒടയത്തിൽ കുശിനിക്കാരന്റെ ചെവിയിൽ മന്ത്രിച്ചു:

“സായ്‌വിന് ഒരു കരിഞ്ചായ വേണം. അതിൽ നാലഞ്ചു തുള്ളി ചെറുനാരങ്ങ ഇറ്റിച്ചോളൂ. ഇല്ലെങ്കിലും വിരോധമില്ല.”

---

*മുഹമ്മദ് അബ്ദുറഹ്മാന്റെ അനുയായികളിൽ ഒരാളായിരുന്നു ഒടയത്തിൽ. അബ്ദുറഹ്മാൻ സ്വീകരിച്ച മതേതര നിലപാടിനോട് അയാൾക്ക് വിയോജിപ്പായിരുന്നു. നോവലിസ്റ്റിന്റെ സൃഷ്ടിയാണ് ഈ കഥാപാത്രം.

അബ്ദുറഹ്മാനാണ് കൈകൾ കഴുകി ആദ്യം തീൻമേശപ്പുറത്തു തിരിച്ചെത്തിയത്. മേശപ്പുറത്ത് സോസർകൊണ്ടു മൂടിവച്ച ചായക്കപ്പ്.

**ഒ**ടയത്തിലിന് ഇരിക്കപ്പൊറുതി കിട്ടിയില്ല.

അടുക്കളയുടെ അറ്റത്തുവച്ച ചെമ്പുപാത്രത്തിൽ നിന്ന് ഒരു ഗ്ലാസ് വെള്ളം മുക്കി അയാൾ ആർത്തിയോടെ കുടിച്ചു. കൈ വിറച്ചപ്പോൾ വെള്ളം തുളുമ്പി. ജുബ്ബയുടെ മുൻവശം ആകെ നനഞ്ഞു. നെഞ്ചിലേക്ക് തണുത്ത ശീതക്കാറ്റ് ആഞ്ഞുവീശുന്നു. നെഞ്ചിനകത്ത് കൊടുംചൂടാണ്. ശ്വാസം കിട്ടാൻ ഞെരുക്കം. കൈ കഴുകാനെടുത്തുവച്ച വെള്ളം പാട്ടയിൽ മുക്കി ഒടയത്തിൽ മുഖം കഴുകി. കാറ്റു വീശി.

അനങ്ങാനാകാതെ, ഒച്ചയും ബഹളവും കേൾപ്പിക്കാതെ ഒടയത്തിൽ നെഞ്ചത്തു കൈവച്ച് ഇരുട്ടിൽ ഇരുന്നു. നെഞ്ചിപ്പോൾ പൊട്ടിച്ചിതറും. കണ്ണിലേക്ക് ഇരുട്ടടിച്ചുകേറി.

ഓർമ വന്നപ്പോൾ വീട്ടിനകത്ത് ആളനക്കമില്ല. അകം ശൂന്യം. സായ്‌വും സംഘവും നടപ്പാതയിൽ അപ്രത്യക്ഷരാകുന്നു. പെട്രോമാക്സിന്റെ വെളിച്ചം ഇരുട്ടിൽ തീയിതളായി. ഒടയത്തിൽ നേരെ നോക്കിയത് മേശപ്പുറത്തേക്കാണ്. സോസർകൊണ്ടു മൂടിയ കപ്പ് അതേപടിയുണ്ട്. കുടിച്ചു കഴിഞ്ഞശേഷം വച്ചതായിരിക്കും. നെഞ്ചിനകത്ത് നഗാര അടിച്ചു. കൂട്ടിയിട്ട കസേരകൾ കൈത്താങ്ങാക്കി പതുക്കെപ്പതുക്കെ മേശപ്പുറത്തെത്തി. സോസർ നീക്കി.

ചായ ബാക്കിയുണ്ട്.

ഇല്ല, കരിഞ്ചായ കുടിച്ചിട്ടില്ല.

പൊടുന്നനെ, മിന്നൽപ്പിണർപോലെ ധൈര്യം ഒടയത്തിലിനു കൈവന്നു. അയാൾ കപ്പും സോസറുമെടുത്ത് പുറത്തേക്കിറങ്ങി. പുറത്തുവച്ച വിളക്ക് ആരോ എടുത്തുകൊണ്ടുപോയി. വട്ടച്ചെമ്പിൽ ഇനിയും വെള്ളമുണ്ട്. കൈപ്പാട്ടയുമുണ്ട്.

ഒടയത്തിൽ കപ്പിലേക്ക് ഒന്നുകൂടി നോക്കി. മരണമാണ് അതിനകത്ത്. കപ്പും സോസറും ദൂരേക്കെറിഞ്ഞു. എന്തിന്റെയോ ഹൃദയം പൊട്ടിത്തകരുംപോലെ അതുടഞ്ഞു.

**ഇ**രുട്ടിലേക്കാണ് സാഹിബും സഖാക്കളും കാലെടുത്തുവച്ചത്. കട്ടികൂടിയ ഇരുട്ട് കാണാത്ത പർവതനിരകളെപ്പോലെ തോന്നിച്ചു. മുന്നിലൊരാൾ പെട്രോമാക്സ് തലയിൽ വച്ചു നടന്നു. അയാളുടെ നിഴലിനു നീളം കൂടുംതോറും ഇരുട്ടിന് ആഴം കൂടി. ഇരുട്ടിലിരുന്ന് അജ്ഞാതനായ മൃഗം അതിന്റെ നീളൻനാക്കുകൾ പുറത്തേക്കിട്ടു. അത് മുരളുന്നുണ്ടായിരുന്നു. കറുത്ത രാത്രിയിൽ ചിന്നിത്തെറിച്ച വെളുത്ത മുത്തുകളെപ്പോലെ ആകാശത്തിൽ നക്ഷത്രങ്ങൾ മിന്നി. രണ്ടു നാഴിക അപ്പുറത്ത് മണാശ്ശേരിയിലാണ് ആളുകൾ. കൊടിയ മണൽപ്പരപ്പിലൂടെ തപ്പിയും തടഞ്ഞും അവർ മുന്നോട്ടാഞ്ഞു നടന്നു. അബ്ദുറഹ്മാന് പതിവിലധികം ഉത്സാഹമായിരുന്നു. മുസ്‌ലിംകളുടെ ദുരവസ്ഥയെക്കുറിച്ച് അദ്ദേഹം നിർത്താതെ പറഞ്ഞു. അവരുടെ പോരായ്മകളും പോർവിളികളും ശക്തിയും ദൗർബല്യവും എടുത്തുപറഞ്ഞു. സാഹിബാണ് മുന്നിൽ നടന്നത്. അദ്ദേഹം തിടുക്കം കൂട്ടി. ഇനിയും ഒരു നാഴികകൂടി ഇരുട്ടു താണ്ടണം. പിന്നെ മണാശ്ശേരിയായി. മണാശ്ശേരിയിലെ ചെത്തുപാതയിലാണ് കാർ നിർത്തിയിരിക്കുന്നത്. പൊടുന്നനെ സാഹിബിനു നടത്തത്തിന് പിൻതുടരാനാവാത്ത വേഗം കൂടി. കൂരിരുട്ടിൽ ക്ഷീണിച്ചു. മഞ്ഞവെളിച്ചം ദുഃഖത്തിന്റെ കതിരുകളാണ് പ്രകാശിപ്പിച്ചത്. സാഹിബിനൊപ്പം നടന്നെത്താൻ അവർക്കാർക്കുമായില്ല. കൈയും കാലും വീശി ആ ആജാനുബാഹു ആഞ്ഞുപിടിച്ചു നടക്കുമ്പോൾ ഒരാൾ പറഞ്ഞു: "സായ്‌വേ, ഒന്നു പതുക്കെ നടക്കണം. ഞങ്ങൾക്ക് സായ്‌വിനൊപ്പമെത്താൻ കഴിയുന്നില്ല." സാഹിബ് പൊട്ടിച്ചിരിച്ചു.

"നിങ്ങൾക്കെങ്ങനെ എനിക്കൊപ്പമെത്താൻ കഴിയും? നിങ്ങൾ നിങ്ങളുടെ വഴിക്കു പോകൂ. ഞാൻ എന്റെ വഴിക്കു പോകട്ടെ."

വെള്ളിവെളിച്ചം അങ്ങിങ്ങായി വിതറുന്ന നക്ഷത്രങ്ങൾ മാനംമുട്ടിക്കിടക്കുന്നു.

വലിയൊരു ഗോപുരത്തിനു കീഴെ തൂക്കിയിട്ട നക്ഷത്രവിളക്കുപോലെ ആകാശം കടലിൽ മുട്ടുകുത്തി കിടക്കുമ്പോഴും കരകാണാതെ കൂരിരുട്ട്. അവർ കുറച്ചു ദൂരം കൂടി പിന്നിട്ടു. മണൽപ്പരപ്പിൽ കാൽ വഴുതുന്നു. എങ്കിലും അവർ ആയാസപ്പെട്ടു നടന്നു. ഊതിക്കെടുത്തുംപോലെ പെട്രോമാക്സിലെ വെളിച്ചം അണഞ്ഞു. സാഹിബിൽനിന്ന് അല്ലാഹുവേ എന്ന മധുരനാദം കേട്ടു. എല്ലാവരും പാഞ്ഞടുത്തു. ആ വലിയ ശരീരം നിലയില്ലാതെ വീഴുന്നു. അഴികളില്ലാത്ത ആകാശം എന്നെന്നും കാണാൻ അബ്ദുറഹ്മാൻ മണൽച്ചുഴിയിലേക്ക് അടിതെറ്റി, നിലതെറ്റി ഊർന്നുവീണു.

**മുഹമ്മദ് അബ്ദുറഹ്മാൻ - ഒരു നോവൽ**

- “നിങ്ങളോട് പലരും പലതും പറഞ്ഞ് തെറ്റിദ്ധരിപ്പിക്കാനുണ്ടാകും. അതൊന്നും നിങ്ങൾ കേൾക്കരുത്. അയൽവാസികളായ ഹിന്ദുക്കളോട് നിങ്ങൾ ഒരിക്കലും ശത്രുതയിൽ വർത്തിക്കരുത്.” വാക്കുകളിലൂടെയും പ്രവൃത്തിയിലൂടെയും മുഹമ്മദ് അബ്ദുറഹ്മാൻ നൽകിയ സന്ദേശങ്ങൾ എന്തൊക്കെയാണ്? നോവൽ പൂർണമായും വായിക്കുക. കൂടുതൽ വിവരങ്ങൾ ശേഖരിക്കുക.
- മതസൗഹാർദത്തെക്കുറിച്ചുള്ള മുഹമ്മദ് അബ്ദുറഹ്മാന്റെ കാഴ്ചപ്പാടുകൾക്ക് ഇന്നും പ്രസക്തിയുണ്ടല്ലോ. ഈ വിഷയത്തെക്കുറിച്ച് ഒരു പ്രഭാഷണം തയാറാക്കാം.
- “നിങ്ങൾക്കെങ്ങനെ എനിക്കൊപ്പമെത്താൻ കഴിയും? നിങ്ങൾ നിങ്ങളുടെ വഴിക്ക് പോകൂ. ഞാൻ എന്റെ വഴിക്ക് പോകട്ടെ” - ഈ വാക്കുകൾ കഥാസന്ദർഭത്തിൽ നൽകുന്ന സൂചനകളെന്തൊക്കെയാണ്? ചർച്ചചെയ്യുക.
- “അനങ്ങാനാകാതെ, ഒച്ചയും ബഹളവും കേൾപ്പിക്കാതെ ഒടയത്തിൽ നെഞ്ചത്തു കൈവച്ച് ഇരുട്ടിൽ ഇരുന്നു. നെഞ്ചിപ്പോൾ പൊട്ടിച്ചിതറും. കണ്ണിലേക്ക് ഇരുട്ടടിച്ചുകേറി. ഓർമ വന്നപ്പോൾ വീട്ടിനകത്ത് ആളനക്കമില്ല. അകം ശൂന്യം. സായ്‌വും സംഘവും നടപ്പാതയിൽ അപ്രത്യക്ഷരാകുന്നു. പെട്രോമാക്സിന്റെ വെളിച്ചം ഇരുട്ടിൽ തീയിതളായി. ഒടയത്തിൽ നേരെ നോക്കിയത് മേശപ്പുറത്തേക്കാണ്. സോസർകൊണ്ടു മൂടിയ കപ്പ് അതേപടിയുണ്ട്. കുടിച്ചുകഴിഞ്ഞശേഷം വച്ചതായിരിക്കും. നെഞ്ചിനകത്ത് നഗാര അടിച്ചു. കൂട്ടിയിട്ട കസേരകൾ കൈത്താങ്ങാക്കി പതുക്കെപ്പതുക്കെ മേശപ്പുറത്തെത്തി.”

  വികാരതീവ്രമായ മുഹൂർത്തങ്ങൾ അവതരിപ്പിക്കുമ്പോൾ എഴുത്തുകാരന്റെ ഭാഷ കൂടുതൽ ആലങ്കാരികമാവുന്നതിന് ഉദാഹരണമാണല്ലോ ഈ നോവൽഭാഗം. നോവലിൽ നിന്ന് കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി വിശദീകരിക്കുക.
- നോവലിലെ നായകകഥാപാത്രമായ മുഹമ്മദ് അബ്ദുറഹ്മാനെക്കുറിച്ച് ഒരു ജീവചരിത്രക്കുറിപ്പ് തയാറാക്കുക.

ജീവിതാവസ്ഥകൾ ആവിഷ്കരിക്കുന്നതിനുള്ള മാധ്യമം സാഹിത്യം മാത്രമാണോ?

**രാജാ രവിവർമ**



ഈ ചിത്രത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

# ചിത്രവായന എങ്ങനെയൊക്കെയാവാം?

**വിജയകുമാർ മേനോൻ**

ചിത്രശില്പകലകളിൽ നിശ്ചലമായ ഒരവസ്ഥയല്ലാതെ കാലത്തിലൂടെയുള്ള വളർച്ചകൾ യാതൊന്നും പകർത്താനാവില്ല - മിക്കവാറും എല്ലാ സാഹിത്യചിന്തകരുടെയും അഭിപ്രായം ഇതാണ്. സാഹിത്യം, സിനിമ, നാടകം എന്നിവയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് ഒട്ടേറെ ശരിയാണുതാനും. ചിത്രവും ശില്പവുമൊക്കെ സ്ഥലകലകളാണല്ലോ-സ്ഥലത്തിൽ ഒതുങ്ങുന്ന കലകൾ, അല്ലെങ്കിൽ സ്ഥലത്തിന്റെ ശക്തിയും സ്വാധീനവും ഉപയോഗിക്കുന്ന കലകൾ.

സ്ഥലത്തിൽ കാലം കാണാൻ പറ്റുമോ? ചിത്രത്തിൽ സ്ഥലം നിശ്ചലമാണല്ലോ. ചലനമില്ലാത്ത കാര്യത്തിൽ എങ്ങനെ ചലനം കാണാൻ കഴിയും? ഒന്നിനുശേഷം മറ്റൊന്ന് എന്നതാണ് ചലനം, കാലം എന്നിവ അടങ്ങിയ ആഖ്യാനത്തിലുള്ളത്. കഥാകഥനത്തിലാണ് ഇത് പ്രധാനമാകുന്നത്. ചില പ്രാചീന ചിത്രങ്ങളിൽ ഇതുപോലെ ആഖ്യാനം കാണാം. ഒരു പ്രാചീനചിത്രത്തിൽ ഏറ്റവും താഴെയായി വെള്ളത്തിന്റെ രൂപമുണ്ട്. അതിനുമുകളിൽ പക്ഷി. ഏറ്റവും ഉയരത്തിൽ തുള്ളികളായി വെള്ളം വീഴുന്നു. താഴെ നിന്നുയർന്ന് വെള്ളം മേഘമാവുന്നു എന്നും ആ വെള്ളം തിരിച്ച് മഴയായി ഭൂമിയിലെത്തുന്നു എന്നുമുള്ള ചാക്രികചലനമാണ് ഈ ചിത്രത്തിലുള്ളത്. ഒന്നിനുശേഷം മറ്റൊന്ന് എന്ന കാലപ്രവാഹം സ്ഥലതലങ്ങളുടെ (levels of space) ക്രമീകരണത്തിലൂടെ ആഖ്യാനം ചെയ്യുകയാണിതിൽ. ഭാരതത്തിൽ വിവിധ ഭാഗങ്ങളിലെ ആഖ്യാനചിത്രങ്ങളിൽ കാലം എന്ന ഘടകം ആവിഷ്കരിച്ചിട്ടുള്ളത് കഥയിലടങ്ങിയിട്ടുള്ള കാലത്തെക്കൂടി സൂചിപ്പിച്ചുകൊണ്ടാണ്. ആഖ്യാനചിത്രങ്ങളെ (narrative painting) മാത്രമാണ് ഇവിടെ പരിശോധിക്കുന്നത്. അമൂർത്തചിത്രങ്ങളുടെ പഠനത്തിന് ഈ രീതി മതിയാകില്ല. അതിന് ആധുനികമായ രീതിശാസ്ത്രം വേണ്ടിവരും.



ചിത്രം 1

മട്ടാഞ്ചേരി കൊട്ടാരത്തിലെ ഗോവർധനോദ്ധാരണം എന്ന പതിനെട്ടാം നൂറ്റാണ്ടിലെ ചുവർച്ചിത്രം നോക്കുക(ചിത്രം-1). ശ്രീകൃഷ്ണൻ ഉയർത്തിനിൽക്കുന്ന പർവതത്തിനടിയിൽ സുരക്ഷിതരായി നിൽക്കുകയാണ് ജനങ്ങൾ. ആദ്യത്തെ ബഹളവും കോലാഹലവും ഒന്നൊടുങ്ങിയപ്പോൾ കൃഷ്ണന്റെ കൈയിലിരിക്കുന്ന പർവതത്തിനുമുകളിൽ സ്വാഭാവിക ശാന്തത കൈവരിച്ചു. പല ദിവസം കൃഷ്ണൻ പർവതം ഉയർത്തിനിന്നുവെന്നാണ് ഐതിഹ്യം. പർവതം ഉയർത്തുന്ന നിമിഷത്തിലെയോ ആദ്യഘട്ടത്തിലെയോ കാര്യങ്ങളല്ല എന്നു സൂചിപ്പിക്കുന്നവയാണ് ഈ ദൃശ്യങ്ങൾ. മഴയും ഇന്ദ്രന്റെ ബഹളവും ഭീതിജനകമായിരുന്നു എന്നാണല്ലോ കഥ. ഭയചകിതരായി മനുഷ്യരും മൃഗങ്ങളും അഭയം പ്രാപിച്ചപ്പോഴാണല്ലോ പർവതം കുടയാക്കേണ്ടിവന്നത്. അപ്പോഴുണ്ടായ പ്രക്ഷുബ്ധത വിട്ടുമാറത്തക്കവണ്ണം സമയം കുറേ കഴിഞ്ഞിരിക്കുന്നുവെന്നർഥം.

ചിത്രത്തിന് നാടകീയത കൂടുതലാണ്. ചിത്രത്തിൽ ഇടതുവശത്തു താഴെ ഒരു വൃദ്ധ പതുക്കെ എഴുന്നേൽക്കാൻ ശ്രമിക്കുന്നു. നേരത്തേ കാര്യമറിഞ്ഞവരും വേഗത്തിലെത്താൻ കഴിഞ്ഞവരും സമീപവാസികളും നേരത്തേയെത്തി സുരക്ഷിതത്വബോധം പ്രകടിപ്പിക്കുന്നവരായി ചിത്രത്തിന്റെ വലതുവശത്തു സ്ഥാനം പിടിച്ചിട്ടുണ്ട്. പ്രായമേറിയ സ്ത്രീയെ നടത്തിക്കൊണ്ടുവരാനുള്ള സമയവും ദൂരവും കാരണമാകാം, വൃദ്ധ ചിത്രത്തിന്റെ ഇടതുഭാഗത്ത് ഏറ്റവും അറ്റത്താണ്. മറ്റുള്ളവരേക്കാൾ കുറച്ചു വൈകിയെങ്കിലും വൃദ്ധയേക്കാൾ മുൻപേ എത്തിച്ചേരാൻ സാധിച്ച ഒരു സ്ത്രീയും കുഞ്ഞും വൃദ്ധയുടെ തൊട്ടു വലതുഭാഗത്തുണ്ട്. ആ അമ്മ താഴെ നിൽക്കുന്ന കുട്ടിയെ എടുക്കാനുള്ള ശ്രമത്തിലാണ്. ഈ സ്ത്രീയാകണം വൃദ്ധയ്ക്കും വൃദ്ധയെ കൊണ്ടുവന്നവൾ എന്നു കരുതാവുന്ന യുവതിക്കും തൊട്ടു മുൻപ് സുരക്ഷിത സ്ഥാനത്തെത്തിച്ചേർന്നയാൾ. ചിത്രകാരൻ ആ സ്ത്രീക്കു നൽകിയിട്ടുള്ള സ്ഥലം വൃദ്ധയുടെയും യുവതിയുടെയും തൊട്ടടുത്ത് വലതുവശത്താണ്. ചിത്രത്തിന്റെ ഇടതുവശത്തുനിന്നു ജനങ്ങൾ വന്ന്, വന്നവർ വന്നവർ വലതുവശത്തേക്കൊതുങ്ങിനിൽക്കുന്നു എന്നു ബോധ്യപ്പെടുത്തുന്ന സ്ഥല-കാല ചിത്രഘടനയാണിത്. മൃഗങ്ങൾ പർവതത്തിനു മുകളിലായതിനാൽ അവിടെ സ്വാഭാവികാന്തരീക്ഷം സംജാതമായതോടെ അവറ്റകൾ തങ്ങളുടെ നൈസർഗികക്രിയകൾക്കൊരുങ്ങിക്കഴിഞ്ഞു. കുറേനേരം ഇരുന്നതിന്റെ ശാരീരികാസ്വാസ്ഥ്യം കാരണമാകാം, ഇടതുവശത്തെ വൃദ്ധ എണീക്കാൻ ശ്രമിക്കയാണ്. വൃദ്ധയുടെ മുഖത്ത് തന്റെ കൂടെയുള്ള യുവതി നൽകുന്ന പരിചരണത്തിന്റെ സൗഭാഗ്യം അനുഭവിക്കുന്ന സന്തോഷമുണ്ട്. യുവതിയുടെ മുഖത്താകട്ടെ, വൃദ്ധ എഴുന്നേൽക്കുകയാണ് എന്ന പരിഭ്രമവും കാണാം.

ഈ ഗോവർധനോദ്ധാരണചിത്രം കഥയിലെ അവസാനദിവസ സംഭവമല്ല. പർവതം കുടയാക്കിയ ആദ്യദിവസം തന്നെ കുറച്ചുസമയം കഴിഞ്ഞ ഒരു ഘട്ടത്തിലെ ചിത്രമാവാം. ചിത്രപ്രതലത്തിൽ ജനങ്ങൾ തിങ്ങിവിങ്ങി നിൽക്കയാണ്. ഇനി ചിത്രസ്ഥലത്ത് ജനങ്ങളെ നിർത്താനിടമില്ല. ചിത്രകാരനെ സംബന്ധിച്ചിടത്തോളം ഗ്രാമവാസികളെല്ലാം എത്തിക്കഴിഞ്ഞു. നടക്കാൻ പ്രയാസമുള്ളതിനാൽ സമയം കൂടുതലാവശ്യമുള്ള വൃദ്ധയെക്കൂടി സുരക്ഷിതമായി എത്തിച്ചപ്പോഴേക്കും ചിത്രസ്ഥലം പൂർണമായി. വൃദ്ധ വന്ന് ഇരുന്നിരുന്നു കാലുകഴച്ചതിനാൽ ഒന്നെണീക്കുകയാവാം, ഇപ്പോൾ. അതേപോലെ കുട്ടിയെ എടുക്കാൻ തുനിയുന്ന അമ്മയും ഏതാണ്ട് ഇതേസമയം കാണിക്കുന്നു. കുറേനേരം താഴെനിന്ന കുട്ടിക്ക് അമ്മയുടെ ഒക്കത്തുകയറാൻ സമയമായി. പലതവണ ഇരുന്നും നിന്നും കഴിയുമ്പോഴേ കഥയിൽ പറയുന്ന അനേകദിവസങ്ങൾ തീരൂ. അതിനാൽ ഇക്കാണുന്നത് ആദ്യത്തെ ഇരിപ്പും എഴുന്നേൽപ്പുമാണ് എന്നു പറയാനും നിവൃത്തിയില്ല. കഥയറിയാവുന്ന കാണിക്കറിയാം, അവസാനനിമിഷം വരെ സുരക്ഷിതമായി

അവരവിടെ ഇരുന്നും എണീറ്റുനിന്നും കഴി ഞ്ഞുകൊള്ളുമെന്ന ഭാവിയും.

സ്ഥലകാലങ്ങളുടെ ആവിഷ്കാരം കഥാകഥ നചിത്രത്തിൽ പ്രവൃത്തിയുടെ വേഗം കാണി ക്കാനുതകും. നിശ്ചലകലയിൽ വേഗം എന്ന കാലഘടകവും ഭാവവും ആ മാധ്യമസാധ്യത കളിലൂടെ ദ്യോതിപ്പിക്കുന്നത് പലവിധത്തി ലാകാം. ശ്രീകൃഷ്ണനും കൂട്ടുകാരും വെണ്ണ മോഷ്ടിക്കുന്ന പഹാഡി ചിത്രത്തിൽ (ചിത്രം-2) ഇതു ദൃശ്യമാണ്. തൈരു കടയു ന്നത് അൽപനേരം നിർത്തി ഗോപസ്ത്രീ അടുത്ത മുറിയിലെത്തിയിട്ടില്ല. വളരെ വേഗ ത്തിലായതുകൊണ്ടു മുന്നോട്ടാഞ്ഞ് ശീഘ്രം പായുന്ന അവളുടെ ശരീരം ഒരു മുറിയുടെ വാതിൽപ്പടിയിൽ നിന്ന് അടുത്തതിലേക്കു കടക്കുന്ന വിധമാണ് ചിത്രകാരൻ വരച്ചിട്ടു ള്ളത്. ആ ഞൊടിയിടയിൽ കുസൃതികൾ വെണ്ണ മോഷ്ടിക്കാൻ കയറിക്കഴിഞ്ഞു. മോഷണം നല്ല പരിചയമുള്ളതിനാലും നിത്യ ത്തൊഴിലായതിനാലുമാവാം, വേഗം അതു ചെയ്യാൻ കഴിയുന്നുണ്ടവർക്ക്. ഉരലിട്ട് അതിന്റെ മുകളിൽ ഒരുവനും അവന്റെ തോളിൽ കൃഷ്ണനും ഒരുനിമിഷം കൊണ്ട്



ചിത്രം 2

ചാടിക്കയറിക്കഴിഞ്ഞു. പോരാ! ഉറിയിൽ കൈയിട്ട് വെണ്ണയെടുത്ത് താഴെ നിൽക്കുന്ന മറ്റൊരു കുസൃതിക്ക് കൊടുത്തു. അവനാ കട്ടെ, തന്റെ പുറകിൽ നിൽക്കുന്ന കുസൃ തിക്ക് അതു കൈമാറിക്കഴിഞ്ഞു. സ്ത്രീ ഒന്നു മാറിയ ആ ചെറിയ സമയത്തിനുള്ളിൽ ഉറി യിൽ കൈയിടുകയുമാണ്. വെണ്ണ കൈനീട്ടിവാങ്ങിയ കുരങ്ങനും അവന്റെ മുന്നിലുള്ള കുട്ടിയും വെണ്ണ കിട്ടിയശേഷം കൈ പിൻവലിക്കുക കൂടി ചെയ്യാതെ അതേ പോലെത്തന്നെ പിടിച്ചിരിക്കുന്നു. അത്ര കുറച്ചു സമയമേ ആയിട്ടുള്ളൂ. ഇനി രണ്ടുരു ളകൂടിയേ എടുക്കേണ്ടൂ. ഒന്ന് കൃഷ്ണനും മറ്റൊന്ന് കൃഷ്ണനെ തോളത്തേറ്റി നിൽക്കുന്ന കുട്ടിക്കും. ഇതേ വേഗത്തിൽ അതും എടുത്ത് ഈ കുട്ടിപ്പിരമിഡ് താഴെയി റങ്ങും. ഈ പ്രവൃത്തിയിലെ കുസൃതിയും അതിന്റെ വേഗവും രസികത്തവും ശരിയായി ആസ്വദിക്കുന്നത് കുരങ്ങനാണ്. കുട്ടികൾ എല്ലാവരും ഗൗരവത്തോടെ കാര്യം ചെയ്യു മ്പോൾ കുരങ്ങൻ അത് ആസ്വദിച്ച് താഴെ ഇരിക്കുകയാണ്. ചിത്രം കണ്ട് ചുണ്ടിൽ മന്ദ ഹാസം വിരിയുന്ന കാണിക്ക് മിക്കവാറും ചിത്രത്തിൽ ഇരുന്ന് ചിരിക്കുന്ന ഈ കുര ങ്ങന്റെ സ്ഥാനമാണുള്ളത്. ഗോപസ്ത്രീ തിരി ച്ചെത്തുന്നതിനുമുമ്പ് മോഷണവും കഴിഞ്ഞ് സ്ഥലംവിടുന്ന കിശോരകേളികളെക്കുറിച്ച് ഭാരതത്തിലെ മിക്കവാറും എല്ലാ ഭാഷകളിലെ കവികളും വിവരിച്ചിട്ടുണ്ട്. അവയിലെല്ലാം തന്നെ കൃഷ്ണന്റെ മോഷണചാതുരിയും ആ പ്രവൃത്തിയിൽ കിശോരനുള്ള സന്തോഷവും വാത്സല്യത്തോടെ ധാരാളം വിവരിച്ചിട്ടുണ്ട്. ചിത്രത്തിലും ഗോപസ്ത്രീ ഒന്ന് തിരിഞ്ഞ തേയുള്ളൂ. അപ്പോഴേക്കും കുട്ടിപ്പിരമിഡുണ്ടാ ക്കി, ഉരുളകൾ രണ്ടെണ്ണം എടുത്ത് മൂന്നാമ ത്തേതിനു വേണ്ടി ഉറിയിൽ കൈയിട്ടു കഴിഞ്ഞ കുസൃതിയുടെ വേഗമാണ് ദൃശ്യക ഥനത്തിന്റെ സൗകുമാര്യത്തിലൂടെ കാണിക്കു ലഭിക്കുന്ന പുഞ്ചിരിയുടെയും വാത്സല്യഭാവ ത്തിന്റെയും ഹേതു. കവികൾ കൃഷ്ണലീല യുടെ ആവിഷ്കാരം കാവ്യമാധ്യമത്തിലൂടെ ചെയ്തപ്പോൾ ആ ഭാവവും രസികത്തവും

ദൃശ്യമാധ്യമത്തിലൂടെ ചെയ്തിരിക്കയാണിതിൽ.

ഇത്തരം മനുഷ്യഭാവങ്ങളെയും കാലത്തെയും ശക്തമായി ആവിഷ്കരിക്കാൻ ലോകമെങ്ങുമുള്ള ചിത്രകാരന്മാർക്ക് സാധിച്ചിട്ടുണ്ട്. ലോകപ്രശസ്ത ഡച്ച് ചിത്രകാരനായ വിൻസന്റ് വാൻഗോഗിന്റെ (1853-1890) ഒരു സൃഷ്ടി മികച്ച ഉദാഹരണമാണ്.

വാൻഗോഗ് 1885 ൽ രചിച്ച 'ഉരുളക്കിഴങ്ങു തിന്നുന്നവർ' എന്ന ചിത്രം (ചിത്രം-3) ദരിദ്രരായ ഖനിത്തൊഴിലാളികളുടെ ജീവിതമാണ്. പകൽ കഠിനാധ്വാനം കഴിഞ്ഞ് രാത്രി ആഹാരം കഴിക്കാനിരിക്കുന്ന ഒരു കുടുംബം. അവർക്കു കഴിക്കാനുള്ളത് ഉരുളക്കിഴങ്ങുമാത്രം. ചിത്രം കാണുന്ന നമ്മുടെ ഇടതുഭാഗത്തുള്ള പുരുഷൻ ഏതോ ആലോചനയിൽ മുഴുകിയിരിക്കുന്നു. തങ്ങളുടെ ദാരിദ്ര്യത്തെക്കുറിച്ചാകണം ചിന്ത. ഇതാണല്ലോ എന്നും തങ്ങളുടെ സ്ഥിതി എന്ന ഭൂത-വർത്തമാന കാലങ്ങളും ഇതുപോലും നാളെ കിട്ടുമോ എന്ന ഭാവിയും ഭാവിയെക്കുറിച്ചുള്ള ആകാംക്ഷയും ആ മുഖത്തുണ്ട്. അതു ശ്രദ്ധിക്കുന്ന സ്ത്രീക്ക് ആ മനസ്സിലെ ചിന്ത അറിയാൻ കഴിയുന്നുണ്ട് എന്ന പോലെയാണ് വാൻഗോഗ് വരച്ചിട്ടുള്ളത്. അതേപോലെ ചിന്തയിൽ മുഴുകിയ മുഖമാണ് ചിത്രം കാണുന്ന നമ്മുടെ വലതുഭാഗത്തുള്ള സ്ത്രീയുടേതും. തന്നിലേക്കു



ചിത്രം 3

തന്നെ നോക്കുന്ന ദുഃഖിതയാണ് ഈ കഥാപാത്രവും. ഈ സ്ത്രീയും പുരുഷനും ആ കുടുംബത്തിലെ പ്രായംചെന്ന അംഗങ്ങളാണ്. വൃദ്ധരായ ഇരുവരെയും അവരുടെ ചിന്തയിൽ നിന്നു വർത്തമാനകാലത്തേക്കു കൊണ്ടുവന്ന് ഉരുളക്കിഴങ്ങെങ്കിൽ അത് കഴിക്കൂ എന്ന് പ്രേരിപ്പിക്കുകയാണ് അവർക്കിരുവർക്കും അടുത്തുള്ളവർ ചെയ്യുന്നത്. അവരെ പ്രേരിപ്പിക്കുന്ന ഈ രണ്ടുപേർ മാത്രമാണ് വർത്തമാനകാല യാഥാർഥ്യത്തിൽ ജീവിക്കുന്നത്. കാഴ്ചക്കാരായ നമുക്ക് പുറംതിരിഞ്ഞ് ഇതിനെല്ലാം സാക്ഷിയായി നിൽക്കുന്ന കുട്ടിയാണ് ഈ ദരിദ്രകുടുംബത്തിലെ അടുത്ത തലമുറയിൽപ്പെട്ട ഭാവി തൊഴിലാളി. ചിത്രത്തിലെ മറ്റൊരു സാക്ഷി ഇതെല്ലാം കാണുന്ന തൂക്കുവിളക്കും.

- 'ഉരുളക്കിഴങ്ങു തിന്നുന്നവർ' എന്ന ചിത്രത്തിന്റെ സൂക്ഷ്മാംശങ്ങൾ കണ്ടെത്തി വ്യാഖ്യാനിച്ചത് ശ്രദ്ധിച്ചല്ലോ. ഇതുപോലെ ജിപ്സികൾ എന്ന ചിത്രം വായിക്കൂ.
- ലോകപ്രസിദ്ധ ക്ലാസിക്ചിത്രങ്ങൾ ഉൾപ്പെടുത്തി ഒരു ചിത്രപ്രദർശനം നടത്തുക. ചിത്രങ്ങൾ ആസ്വദിക്കാൻ സഹായിക്കുന്ന കുറിപ്പും തയാറാക്കണം.